പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3585 25.06.2013-ൽ മറുപടിയ്ക്ക്

പി. ജി. സി. ഐ. എല്ലിൻെറ ഈസ്റ്റ് കൊച്ചി 400 കെ. വി സബ് സ്റ്റേഷൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. ബി. ഡി. ദേവസ്സി :<br>ശ്രീ. സാജു പോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) പി.ജി. സി. ഐ എല്ലിൻെറ ഈസ്റ്റ് കൊച്ചി 400 കെ. വി സബ് സ്റ്റേഷൻ പൂർത്തിയായിട്ടും അവിടെ നിന്നുള്ള വൈദ്യുതി ബോർഡിൻെറ പ്രസരണ ലൈനുകൾ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) പി. ജി. സി. ഐ. എല്ലിൻെറ പള്ളിക്കരയിലുള്ള ഈസ്റ്റ് കൊച്ചി 400 കെ. വി സബ്സ്റ്റേഷനിൽ നിന്നും ബ്രഹ്മപുരം 220 കെ. വി സബ് സ്റ്റേഷനിലേക്ക് വൈദ്യുതി ബോർഡ് നിർമ്മിച്ച 220 കെ. വി മൾട്ടി സർക്ക്യൂട്ട് ലൈനിൻെറ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബ്രഹ്മപുരം, കളമശ്ശേരി എന്നീ 220 കെ. വി സബ് സ്റ്റേഷനുകളിലേക്ക് 17-04-2013 മുതൽ വൈദ്യുത പ്രവഹിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ ; | (ബി) ബാധകമല്ല. |
| (സി) സ്മാർട്ട് സിറ്റിയ്ക്ക് വൈദ്യുതി ബോർഡ് നൽകിയ ഭൂമിയിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് തടസ്സമുണ്ടോ ; ഇത് വൈദ്യുതി വികസനത്തെ തടസ്സപ്പെടുത്തുമോ ; | (സി) & (ഡി) നിർമ്മാണ പ്രവൃത്തിയുടെ ഘട്ടത്തിൽ 'സ്മാർട്ട് സിറ്റി ' അധികൃതർ തടസ്സവാദം ഉന്നയിച്ചെങ്കിലും ഇൻഡ്യൻ ടെലഗ്രാഫ് ആക്ട് അനുസരിച്ച് വൈദ്യുതി ബോർഡ് നൽകിയ പരാതിയിൽ കളക്ടർ നിർമ്മാണാനുമതി നൽകുകയുണ്ടായി. അതനുസരിച്ച് ലൈൻ നിർമ്മാണം പൂർത്തീകരിച്ചു. |
| (ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.